A2/61/2022-CLAD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ വർക്കലയിൽ പ്രവർത്തിക്കുന്ന ശ്രീ നാരായണ ധർമ്മ സംഘം ട്രസ്റ്റിന്റെ നേതൃത്വത്തിൽ അരുവിപ്പുറം ക്ഷേത്രത്തിന്റെ ഉടമസ്ഥതയിൽ സാംസ്കാരിക കേന്ദ്രത്തിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തിക്കായി ധനസഹായം അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.159/2026/CLAD തീയതി,തിരുവനന്തപുരം, 22-02-2026

---

പരാമർശം:-
1. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 18.09.2025 തീയതിയിലെ പി2-1611/2025/സാം.വ. നമ്പർ പ്രൊപ്പോസൽ
2. 04.02.2026 ന് കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ വർക്കലയിൽ പ്രവർത്തിക്കുന്ന ശ്രീ നാരായണ ധർമ്മ സംഘം ട്രസ്റ്റിന്റെ നേതൃത്വത്തിൽ അരുവിപ്പുറം ക്ഷേത്രത്തിന്റെ ഉടമസ്ഥതയിൽ സാംസ്കാരിക കേന്ദ്രത്തിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തിക്കായി പരാമർശ കത്ത് പ്രകാരം സാംസ്കാരിക വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2. ടി പ്രൊപ്പോസൽ പരാമർശം (2) പ്രകാരം കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം പരിഗണിക്കുകയും ശ്രീ നാരായണ ധർമ്മ സംഘം ട്രസ്റ്റിന്റെ നേതൃത്വത്തിൽ അരുവിപ്പുറം ക്ഷേത്രത്തിന്റെ ഉടമസ്ഥതയിൽ സാംസ്കാരിക കേന്ദ്രത്തിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തി 50,00,000/- രൂപയായി (അൻപത് ലക്ഷം രൂപ മാത്രം) നിജപ്പെടുത്തിക്കൊണ്ട് നിർവഹിക്കുന്നതിന് അംഗീകാരം നല്കുകയുമുണ്ടായി.

3. ഈ സാഹചര്യത്തിൽ, വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ച ശ്രീ നാരായണ ധർമ്മ സംഘം ട്രസ്റ്റിന് അരുവിപ്പുറം ക്ഷേത്രത്തിന്റെ ഉടമസ്ഥതയിൽ സാംസ്കാരിക കേന്ദ്രത്തിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തി 2205-00-102-98-36 (PV) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് 50,00,000/- രൂപ (അൻപത് ലക്ഷം രൂപ മാത്രം) യുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഈ പ്രവൃത്തികൾ താഴെപ്പറയുന്ന വ്യവസ്ഥകൾ കൂടി കർശനമായി പാലിച്ചാവണം നിർവ്വഹിക്കേണ്ടത്:

1) ഓരോ പ്രവൃത്തിക്കും ബാധകമായ നിലവിലുള്ള നടപടിക്രമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും ഉത്തരവുകളും പാലിച്ചാവണം പദ്ധതി നിർവ്വഹണം.

2) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സമാഹരണങ്ങൾ (IT അനുബന്ധ സാമഗ്രികൾ ഉൾപ്പെടെ) സ്റ്റോഴ്സ് പർച്ചേസ് റൂൾസിനും ഐ ടി പ്രൊക്യൂർമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായിരിക്കേണ്ടതും വ്യവസ്ഥകൾ പാലിക്കേണ്ടതുമാണ്.

3) പദ്ധതി ഘടകങ്ങൾക്കുള്ള തുക ബന്ധപ്പെട്ട നിർവ്വഹണ ഏജൻസിയ്ക്ക് റിലീസ് ചെയ്ത് നൽകുന്നതിനുള്ള ചുമതല സാംസ്കാരിക വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. ആവശ്യകതയ്ക്കനുസരിച്ച് മാത്രമേ തുക പിൻവലിക്കാൻ പാടുള്ളൂ.

4) സാംസ്കാരിക വകുപ്പ് ഡയറക്ടറും ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിയും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കേണ്ടതും തുകയുടെ ശരിയായ വിനിയോഗം ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ജനറൽ സെക്രട്ടറി, ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ്, വർക്കല, തിരുവനന്തപുരം-695141
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് , തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ,തിരുവനന്തപുരം
ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ(പ്ലാനിംഗ്) വകുപ്പ്
സാംസ്കാരിക കാര്യ (ബി) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 23-02-2026 11:06:56